# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 211    09.06.2014-ൽ നൽകേണ്ടിയിരുന്നത്**

**കസ്റ്റഡി മരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ . എ. കെ. ബാലൻ | | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ വന്നതിനു ശേഷം പോലീസ് കസ്റ്റഡിയിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ലോക്കപ്പ് മർദ്ദനം, ആത്മഹത്യ എന്നിവ പോലീസ് സ്റ്റേഷൻ തിരിച്ചു വിശദമാക്കുമോ; | (എ) | ഈ സർക്കാർ വന്നതിനു ശേഷം പോലീസ് കസ്റ്റഡിയിൽ 6 പേർ മരണപ്പെട്ടിട്ടുണ്ട്. ഇതിൽ ലോക്കപ്പ് മർദ്ദനം ഇല്ല. കാസർഗോഡ് ജില്ലയിലെ ബേഡകം പോലീസ് സ്റ്റേഷനിലും, മലപ്പുറം ജില്ലയിലെ ചങ്ങരംകുളം പോലീസ് സ്റ്റേഷനിലുമായി 2 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് പോലീസ് കസ്റ്റഡിയിൽ വനിതകൾ കൊല്ലപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് പോലീസ് കസ്റ്റഡിയിൽ വനിതകൾ കൊല്ലപ്പെട്ടിട്ടില്ല. |
| സി) | പോലീസ് കസ്റ്റഡിയിൽ പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, ആദിവാസികൾ എന്നിവർ കൊല്ലപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (സി) | പോലീസ് കസ്റ്റഡിയിൽ പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, ആദിവാസികൾ എന്നിവർ കൊല്ലപ്പെട്ടിട്ടില്ല. |
| ഡി) | പോലീസ് കസ്റ്റഡിയിലെ മരണവുമായി ബന്ധപ്പെട്ട് എത്ര പോലീസുകാർക്കെതിരെ കേസ്സെടുത്തിട്ടുണ്ട് ; എത്രപേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഡി) | പോലീസ് കസ്റ്റഡിയിലെ മരണവുമായി ബന്ധപ്പെട്ട് പോലീസുകാർക്കെതിരെ കേസ്സെടുത്തിട്ടില്ല. എന്നാൽ 11 പേർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | ജോലിയുടെ ഭാഗമായി എത്ര പോലീസുകാർ കൊല്ലപ്പെട്ടിട്ടുണ്ട് ; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഇ) | ജോലിയുടെ ഭാഗമായി 2 പോലീസുകാർ കൊല്ലപ്പെട്ടിട്ടുണ്ട്. 1648 പേർക്ക് പരിക്കേറ്റിട്ടുണ്ട്. |
| എഫ്) | പോലീസ് സ്റ്റേഷനുകളിൽ പോലീസുകാർ പരസ്പരം അക്രമങ്ങളിൽ ഏർപ്പെട്ട എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ; | (എഫ്) | പോലീസ് സ്റ്റേഷനുകളിൽ പോലീസുകാർ പരസ്പരം അക്രമങ്ങളിൽ ഏർപ്പെട്ട 2 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. തിരുവനന്തപുരം സിറ്റി, തൃശ്ശൂർ റൂറൽ എന്നീ ജില്ലകളിലായിട്ടാണ് പ്രസ്തുത സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്. |

ജി) പോലീസ് സ്റ്റേഷൻ, ക്വാർട്ടേഴ്സ്, മറ്റ് ജോലി സ്ഥലങ്ങൾ എന്നിവിടങ്ങളിൽ എത്ര പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ജി) പോലീസ് സ്റ്റേഷനുകളിൽ പോലീസുകാർ ആത്മഹത്യ ചെയ്ത സംഭവം ഉണ്ടായിട്ടില്ല. ക്വാർട്ടേഴ്സിൽ 5 ഉം മറ്റ് ജോലി സ്ഥലങ്ങളിൽ 4 ഉം പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ